## ശ്രദ്ധക്ഷണിക്കൽ

### സമഗ്ര സൗജന്യ ചികിത്സാ പദ്ധതി

ശ്രീ. കെ. മുരളീധരൻ : സർ, സംസ്ഥാനത്തെ അഞ്ചര ലക്ഷത്തിലധികം വരുന്ന സർവ്വീസ് പെൻഷൻകാർക്ക് ഇന്ന് ഫലപ്രദമായിട്ടുള്ള ചികിത്സാ പദ്ധതികളോ മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ് സൗകര്യങ്ങളോ നിലവിലില്ല. പ്രതിമാസ പെൻഷനോടൊപ്പം 300 രൂപയുടെ മെഡിക്കൽ അലവൻസ് മാത്രമാണ് ഇവർക്ക് ഇപ്പോൾ നൽകിവരുന്നത്. വാർദ്ധക്യ കാലത്ത് വിവിധ അസുഖങ്ങളാലും ദുരിതങ്ങളാലും കഷ്ടപ്പെടുന്ന ഈ വിഭാഗത്തിന്റെ ക്ഷേമ ത്തിനായി ചികിത്സാ പദ്ധതികളും മറ്റ് സൗകര്യങ്ങളും ഐക്യജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്തിരുന്ന കാര്യമാണ്. ഇക്കാര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് വളരെ ഗൗരവപൂർവ്വമായ പരിഗണന നൽകി പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒന്ന്, സർവ്വീസ് പെൻഷൻകാർക്ക് 300 രൂപ വച്ച് മെഡിക്കൽ അലവൻസ് നൽകുന്ന വഴിയിൽ സർക്കാരിന് പ്രതിവർഷം 190 കോടി രൂപ ഇപ്പോൾ ചെലവാകുന്നുണ്ട്. എന്നാൽ ഇത്രയും തുക ചെലവിട്ടിട്ടും ആവശ്യക്കാരന് അത്യാവശ്യ ഘട്ടത്തിൽ ഫലപ്രദമായിട്ടുള്ള ചികിത്സാ സൗകര്യങ്ങൾ ഇന്ന് ലഭ്യമല്ല. രണ്ട്, സർക്കാർ ജീവനക്കാർക്ക് അവരുടെ കുടുംബാംഗങ്ങളുടെ ചികിത്സാ ചെലവ് റീ-ഇംമ്പേഴ്സ്മെന്റ് ചെയ്യുന്നതിന് വ്യവസ്ഥയുണ്ടെങ്കിലും സർവ്വീസ് പെൻഷനേഴ്സ് ആയ കുടുംബാംഗങ്ങൾക്ക് ഈ സൗകര്യം ഇന്ന് ലഭ്യമല്ല. മറ്റുള്ളവർക്ക് ലഭ്യമായ ഒരു ആനുകൂല്യവും സർക്കാർ സർവ്വീസിലുണ്ടായിരുന്നു എന്ന ഒറ്റക്കാരണത്താൽ ഇവർക്ക്

നിഷേധിക്കുന്നത് ശരിയല്ല. യു.ഡി.എഫ്. സർക്കാർ 1996 മാർച്ച് മാസത്തിൽ, 253/96/ധനകാര്യം തീയതി 15.3.96 പ്രകാരം ഇറക്കിയ ഒരു ഉത്തരവിൽ നടപ്പാക്കിയ പെൻഷനേഴ്സ് മെഡിക്കൽ ബെനിഫിറ്റ് സ്കീം പിന്നീട് വന്ന ഗവൺമെന്റ് ദൗർഭാഗ്യവശാൽ നടപ്പാക്കിയില്ല. ഈ പദ്ധതിയുടെ പോരായ്മകൾ പരിഹരിച്ച് സമഗ്രമായ സൗജന്യ ചികിത്സാ പദ്ധതി നടപ്പാക്കേണ്ടതുണ്ട്. അക്കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഡൽഹി, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഫലപ്രദമായിട്ടുള്ള ചികിത്സാ പദ്ധതികൾ പെൻഷൻകാർക്ക് നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ കേരളത്തിനും മാതൃകയാക്കാവുന്നതാണ്. ജീവിതത്തിന്റെ നല്ല കാലം മുഴുവൻ സർക്കാർ സേവനത്തിനായി വിനിയോഗിച്ച് വാർദ്ധക്യകാലം തള്ളിനീക്കുന്ന ലക്ഷക്കണക്കിന് പെൻഷൻകാരുടെ ക്ഷേമത്തിനായി സമഗ്രമായ പദ്ധതികൾ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പാക്കണം. പെൻഷൻകാരുടെ ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കൽ, പെൻഷൻ ചട്ടങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് കമ്മീഷനെ നിയോഗിക്കൽ, പെൻഷൻകാർക്ക് സമഗ്ര ചികിത്സാ പദ്ധതി തുടങ്ങിയ ആവശ്യങ്ങളിന്മേൽ ഈ സർക്കാർ ഫലപ്രദമായിട്ടുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഒരു കാലത്ത് സർവ്വീസ് പെൻഷൻകാർക്ക് മെഡിക്കൽ അലവൻസ് ഇല്ലായിരുന്നു. പിന്നീട് 15.03.1996-ൽ □പെൻഷനേഴ്സ് മെഡിക്കൽ ബെനിഫിറ്റ് സ്കീം□ എന്ന പേരിൽ മെഡിക്കൽ

കോളേജ് ഹോസ്പിറ്റലിൽ സർവ്വീസ് പെൻഷനേഴ്സിന് ഫ്രീയായിട്ട് ട്രീറ്റ്മെന്റ് നൽകുന്ന സ്കീം നിലവിൽ വന്നു. അത് കോൺട്രിബ്യൂഷൻ ഇല്ലാതെയുള്ള സ്കീമായിരുന്നു, ഗവൺമെന്റ് തന്നെ ചെലവ് മുഴുവൻ വഹിക്കുന്ന ഒരു സ്കീമായിരുന്നു. പക്ഷേ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇത് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തി വയ്ക്കുന്നതാണ്, അത് മുന്നോട്ട് കൊണ്ടു പോകാൻ ബുദ്ധിമുട്ടാണ് എന്നു പറഞ്ഞുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ നിർത്തൽ ചെയ്യുകയുണ്ടായി. അതിനുശേഷം 2004-ൽ വന്ന പേ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 100 രൂപ അലവൻസ് സർവ്വീസ് പെൻഷൻകാർക്ക് കൊടുത്തു തുടങ്ങി. അതുകഴിഞ്ഞ് 2009-ലെ പേ കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ 100 രൂപ അലവൻസ് 300 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ഇപ്പോൾ നിലനിൽക്കുന്നത് 300 രൂപ അലവൻസാണ്. 300 രൂപ എന്നു കേൾക്കുമ്പോൾ കുറവാണെങ്കിലും അഞ്ചരലക്ഷം പെൻഷൻകാരുണ്ട്, അതിന് 180 കോടി രൂപയുടെ സാമ്പത്തിക ബാദ്ധ്യതയാണ് ഇപ്പോൾ ഗവൺമെന്റ് വഹിച്ചുകൊണ്ടിരിക്കുന്നത്. അപ്പോഴാണ് സർവ്വീസ് പെൻഷൻകാർക്ക് സമഗ്ര സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ ഇതുപോലുള്ള സ്കീമുകളെ സംബന്ധിച്ച് നല്ല പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയുകയുണ്ടായി, അത് വളരെ നല്ല നിർദ്ദേശമാണ്. അതേക്കുറിച്ചുള്ള പഠനങ്ങൾ ആവശ്യമാണ്. എന്റെ കയ്യിലുള്ള ഫയൽ ഇവർക്കുള്ള സമഗ്ര സൗജന്യ ചികിത്സാ പദ്ധതിയെ സംബന്ധിച്ചുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ കെ.

മുരളീധരൻ ഇവിടെ സൂചിപ്പിച്ചതുപോലെ മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ള സ്കീമുകൾ എന്തൊക്കെയാണ്; അവർ അത് നടപ്പിലാക്കുന്ന രീതികൾ എന്താണ്, എന്നീ കാര്യങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് ചെയ്യുന്നതിനായി ഇൻഷ്വറൻസ് ഡയറക്ടർക്ക് ഞാൻ നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ഇൻഷ്വറൻസ് ഡയറക്ടറിൽ നിന്ന് ആ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഇക്കാര്യത്തിൻമേൽ ആവശ്യമായ തീരുമാനങ്ങൾ ഗവൺമെന്റ് കൈകൊള്ളുന്നതാണെന്ന് പ്രത്യേകമായി ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതുപോലെത്തന്നെ പെൻഷൻകാർക്ക് അവരുടെ ചട്ടങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കണമെന്നുള്ളതാണ്. അതൊക്കെ ഗവൺമെന്റ് പരിശോധിക്കാൻ തയ്യാറാണ്, തീർച്ചയായും അത് പരിശോധിക്കാം. മറ്റ് കാര്യങ്ങളൊന്നുമില്ല. പെൻഷൻകാരോട് ഈ ഗവൺമെന്റിന് വലിയ അനുഭാവമാണ്. പെൻഷൻകാർക്ക് അവരുടെ ന്യായമായ പരിരക്ഷ കിട്ടത്തക്കവിധം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനെപ്പറ്റി ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, ഗവൺമെന്റിന്റെ തീരുമാനത്തെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. നേരത്തെ സൂചിപ്പിച്ചകാര്യം, ഇപ്പോൾ കൊടുക്കുന്ന മെഡിക്കൽ അലവൻസ് 300 രൂപയിൽ നിന്ന് അടിയന്തരമായി വർദ്ധിപ്പിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

<u>ശ്രീ. കെ. എം. മാണി</u> : സർ, അതിപ്പോൾ ഏകപക്ഷീയമായി പേ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് നമ്മൾ കൊടുത്തുകൊണ്ടിരിക്കുന്നതാണ്. 80 വയസ്സ് കഴിഞ്ഞ പെൻഷൻകാർക്ക് ഒരു വർദ്ധനവുകൂടി ഈ ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. ഏതായാലും ഈ നിർദ്ദേശങ്ങളൊക്കെ ഗവൺമെന്റ് പരിശോധിക്കാം. ഗവൺമെന്റിന്റെ പരിമിതമായ സാമ്പത്തിക പരിധിക്കുള്ളിൽ

നിന്നുകൊണ്ട്, പരിമിതിക്കകത്ത് നിന്നുകൊണ്ട് ഈ ആവശ്യങ്ങളൊക്കെ എങ്ങനെ നിറവേറ്റാമെന്നുള്ള കാര്യത്തെ സംബന്ധിച്ച് ആത്മാർത്ഥമായ പരിശോധന നടത്താൻ ഗവൺമെന്റ് തയ്യാറാണ്.

## കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി

ശ്രീ. എളമരം കരീം: സർ, കെ.എസ്.ആർ.ടി.സി. നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയാണ്. കഴിഞ്ഞ ചാർജ്ജ് വർദ്ധനവിനുശേഷം പ്രതിദിനം ആറുകോടി രൂപയോളം വരുമാനം ഉണ്ടായിരുന്ന കെ.എസ്.ആർ.ടി.സി.-ക്ക് ഇപ്പോൾ നാലേകാൽ കോടി രൂപയാണ് പ്രതിദിന വരുമാനം. പ്രതിദിന വരുമാനത്തിൽ ശരാശരി ഒന്നരകോടി രൂപയുടെ കുറവാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. പ്രതിമാസം ശരാശരി 130 കോടി രൂപ വരുമാനം കിട്ടുമ്പോൾ ചെലവുവരുന്നത് 185 കോടി രൂപയാണ്. ഒരു മാസത്തെ ഡെഫിസിറ്റ് 55 കോടി രൂപയാണ്. ഒരു ദിവസം ഒന്നേകാൽ കോടി രൂപയോളം വരുമാനം കിട്ടുമ്പോൾ അതിൽ 1.9 കോടി രൂപയാണ് ഡീസലിനായി ചെലവുവരുന്നത്. വായ്പാ ബാധ്യതയായി വരുന്നത് 2 കോടി രൂപയോളമാണ്. ബാക്കിയുള്ള ചെലവുകൾ നിർവ്വഹിക്കാൻ തുക തികയുന്നതല്ല. ഐ.ഒ.സി.-ക്ക് 20 കോടിയിലധികം രൂപയാണ് കടമായി നിൽക്കുന്നത്. ഡീസൽ ക്ഷാമം കാരണം സർവ്വീസ് റദ്ദാക്കേണ്ടി വരുന്നു. സംസ്ഥാനത്താകെ 5416 ഷെഡ്യൂളുകളുള്ളതിൽ കഴിഞ്ഞ ജൂൺ 11-ന് ഓപ്പറേറ്റ് ചെയ്തത് 4869 ഷെഡ്യൂളുകൾ മാത്രമാണ്. ശരാശരി 600 ഷെഡ്യൂളുകളാണ് ദിവസേന റദ്ദ് ചെയ്തുകൊണ്ടിരിക്കുന്നത്. 1825331 കി.മീ ഓപ്പറേറ്റ് ചെയ്തിരുന്ന സ്ഥാനത്ത് ഇപ്പോൾ 1544000 കി.മീ ആയി കുറഞ്ഞു. എന്നുവച്ചാൽ മൂന്ന് ലക്ഷം കി.മീ ഓപ്പറേഷൻ കുറഞ്ഞിരിക്കുകയാണ്. ആകെയുള്ള 5773 ബസുകളിൽ 4800 ബസുകൾ മാത്രമേ ഓടുന്നുള്ളൂ.

ഡീസൽ ക്ഷാമം ഇതിനൊരു പ്രധാന പ്രശ്നമാണ്. കഴിഞ്ഞ എൽ.ഡി.എഫ് ഭരണകാലത്ത് ഡീസൽ ക്ഷാമം കൊണ്ട് ഒറ്റ ദിവസം പോലും ട്രിപ്പ് മുടങ്ങിയിരുന്നില്ല. 2006–ൽ എൽ.ഡി.എഫ് സർക്കാർ വരുമ്പോൾ ഐ.ഒ. സി.–ക്ക് 165 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നു. അതുമുഴുവൻ കൊടുത്തുതീർത്താണ് അതാത് ദിവസം കാശുകൊടുത്ത് ഡീസൽ വാങ്ങുന്ന അവസ്ഥയിൽ എത്തിച്ചത്. ഇപ്പോൾ ടയർ ക്ഷാമം.... ആവശ്യത്തിന് ടയറും, സ്പെയർ പാർട്ട്സും, ഇന്ധനവുമില്ലാത്തതുകൊണ്ടാണ് ഇപ്പോൾ ട്രിപ്പുകൾ മുടങ്ങുന്നത്. കെ.എസ്.ആർ.ടി.സി–ക്ക് പാസഞ്ചർ സർവ്വീസിലുള്ള ഷെയർ കുറഞ്ഞു വരികയാണ്. 2006–ൽ 13.8 ശതമാനമുണ്ടായിരുന്നത് എൽ.ഡി.എഫ് ഭരണക്കാലത്ത് 28 ശതമാനമായി ഉയർന്നു. ഇപ്പോൾ അത് വീണ്ടും താഴോട്ട് പോവുകയാണ്. 15 വർഷത്തിലേറെ പഴക്കമുള്ള 700–ഓളം ബസുകളുണ്ട്. ഇത് റീപ്ലേസ് ചെയ്യുന്നില്ല. ഇതുകൂടി ഓട്ടം നിർത്തേണ്ടി വന്നാൽ കെ.എസ്. ആർ.ടി.സി. അടച്ചുപൂട്ടേണ്ടതായി വരും. എൽ.ഡി.എഫ്. ഭണക്കാലത്ത് ഒരു മാസം ശരാശരി 117 വണ്ടിയെന്ന നിലയിൽ മൂന്ന് വർഷം കൊണ്ട് ആയിരം ബസുകൾ വീതം മൂവായിരം ബസുകളാണ് നിരത്തിലിറക്കിയത്. ഈ ഗവൺമെന്റ് വന്നതിനുശേഷം 500 ചെയ്സിസ് വാങ്ങിയതിൽ 300 എണ്ണത്തിനു മാത്രമാണ് ബോഡിയിട്ടത്. നേരത്തെ പറഞ്ഞ കണക്കിനേക്കാൾ കൂടുതൽ നഷ്ടം വരാൻ പോവുകയാണ്. പ്രോവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ അടയ്ക്കുന്നില്ല, നോൺ ഡിപ്പാർട്ട്മെന്റൽ റിക്കവറീസ്, ബാങ്കുകളിൽ നിന്ന് വായ്പയെടുത്തത് റിക്കവറി ചെയ്യുന്ന തുക ബാങ്കുകളിലേയ്ക്ക് പോകുന്നില്ല. അതുകൊണ്ട് തൊഴിലാളികൾ വായ്പ വാങ്ങിയതിന്റെ പലിശ കൂടുന്നു. എൽ.ഐ.സി. പ്രീമിയം ഡിഡക്ട്

ചെയ്യുന്നത് അടയ്ക്കുന്നില്ല. ഇതെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൃത്യമായി അടച്ചുകൊണ്ടിരുന്നതാണ്. ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന് കെ.എസ്.ആർ.ടി.സി. കൊടുക്കേണ്ട കടബാധ്യത ഏതാണ്ട് ആയിരം കോടി രൂപ കവിഞ്ഞു. ഇതിനുപുറമേ സ്പെയർ പാർട്ട്സ്, ഡീസൽ, ടയർ എന്നീ ഇനത്തിലുള്ള ഭീമമായ കുടിശ്ശികയും നിലനിൽക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ സർക്കാരിന്റെ സഹായ മില്ലാതെ ഈ കോർപ്പറേഷന് മുന്നോട്ടു പോകുവാൻ സാധിക്കുകയില്ല. 2011 –2012 വർഷത്തിൽ 172 കോടി രൂപ യു.ഡി.എഫ്. ഗവൺമെന്റ് കൊടുത്തു വെന്നുള്ളത് ശരിയാണ്. പക്ഷേ ഈ വർഷം 100 കോടിരൂപയാണ് ways and means-ന് ലഭ്യമായിട്ടുള്ളത്. ബാക്കിയുള്ള 240 കോടി രൂപയ്ക്ക് കടമെടു ക്കാനുള്ള പെർമിഷനാണ് കൊടുത്തിട്ടുള്ളത്. പ്രതിമാസം ശരാശരി 55 കോടി രൂപ ക്യാഷ് ഷോർട്ടേജ് വരുമ്പോൾ, ഈ സ്ഥാപനം മുന്നോട്ടു കൊണ്ടുപോ കണമെങ്കിൽ ഗവൺമെന്റിന്റെ ഗൗരവമായ സഹായം വേണം. ഈ വർഷത്തെ ഓപ്പറേഷന് 400 കോടി രൂപയെങ്കിലും ഗവൺമെന്റ് സഹാ യിക്കുന്നില്ലെങ്കിൽ ഇത് മുന്നോട്ടു പോവുകയില്ല. മാത്രമല്ല ഇത്രയും ഗുരുതര മായ പ്രതിസന്ധി നേരിടുമ്പോൾ യഥേഷ്ടം സ്വകാര്യ ബസുകൾ സൂപ്പർഫാ സ്റ്റ്, സൂപ്പർ എക്സ്പ്രസ് എന്നിങ്ങനെ പെർമിറ്റ് വാങ്ങി കെ.എസ്.ആർ.ടി.സി .–ക്ക് സമാന്തരമായി സർവ്വീസ് നടത്തുകയാണ്. അവർ പുതിയ ബസുക ളാണിറക്കുന്നത്. നാലു വർഷത്തിലേറെ പഴക്കമുള്ള ബസ്സുകളാണ് നമുക്ക് ഓടിക്കാനുള്ളത്. ഇതിനുപുറമേ രാഷ്ട്രീയ താൽപ്പര്യംവച്ച് നഷ്ടത്തിൽ റൂട്ടു കൾ ഓപ്പറേറ്റ് ചെയ്യേണ്ടി വരികയാണ്. അതൊരിക്കലും അംഗീകരിക്കരുത്.

ഞാൻ ഒരു ഉദാഹരണം പറയാം. പ്രതിദിനം 40,000 രൂപ വരുമാനം ഉണ്ടായിരുന്നതാണ് ചങ്ങനാശ്ശേരി– വേളാങ്കണ്ണി ബസ് റൂട്ട്. പിറവം തെരെഞ്ഞെടുപ്പ് കാലത്ത് പ്രസ്തുത ബസ് പിറവം വഴി തിരിച്ചുവിട്ടപ്പോൾ ദിവസവരുമാനത്തിൽ 12,000 രൂപ കുറഞ്ഞു. അതുപോലെ കോട്ടയം–ബാംഗ്ലൂർ എക്സ്പ്രസ് പിറവം ഇലക്ഷനുവേണ്ടി പിറവം റൂട്ട് തിരിച്ചുവിട്ടു, ഇന്ന് അതിൽ യാത്രക്കാരില്ല. കഴിഞ്ഞ മന്ത്രിയുടെ കാലത്ത് റിംഗ്റോഡ് സർവ്വീസുകൾ തുടങ്ങി. അതെല്ലാം നഷ്ടത്തിലാണ്. ഇത് സർവ്വീസായിട്ടാണ് നടത്തുന്നതെങ്കിൽ സർവ്വീസിന്റെ ഭാഗമായി വരുന്ന നഷ്ടം ഗവൺമെന്റ് കോമ്പൻസേറ്റ് ചെയ്യണം. കമേഴ്ഷ്യലായിട്ടാണ് നടത്തുന്നതെങ്കിൽ അതിനുള്ള സ്വാതന്ത്ര്യം കെ.എസ്.ആർ.ടി.സി.–ക്ക് കൊടുക്കണം, അതിനുള്ള മാനേജ്മെന്റിനെ പ്രൊഫഷണലൈസ് ചെയ്യണം. മാനേജിംഗ് ഡയറക്ടർ ഇപ്പോൾ പുറത്തുനിന്നുള്ള ആളാണ്. എക്സിക്യൂട്ടീവ് ഡയറക്ടർമാരായി പ്രൊമോഷനിലൂടെ inefficient ആയി വരുന്ന ആളുകളെ വയ്ക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണം, ഡയറക്ട് റിക്രൂട്ട്മെന്റ് ഉണ്ടാകണം. ആ നിലയിലുള്ള പ്രൊഫഷണലൈസേഷൻ മാനേജ്മെന്റിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. മറ്റ് വരുമാനം ഉണ്ടാക്കാൻ വേണ്ടി ഷോപ്പിംഗ് കോപ്ലക്സുകൾ ഉണ്ടാക്കാനുള്ള തീരുമാനമൊക്കെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എടുത്തിരുന്നു. അതെല്ലാം വഴിയിൽ കിടക്കുകയാണ് ഒന്നും പൂർത്തീകരിച്ചിട്ടില്ല. കടം പെരുകുമ്പോഴും കെ.എസ്.ആർ.ടി.സി. പോലീസുകാർക്ക് സൗജന്യം പ്രഖ്യാപിച്ചിരിക്കുകയാണ്. അതിന്റെ യുക്തി എന്താണെന്ന് മനസ്സിലാകുന്നില്ല. ബസുകളിൽ എ, ബി, സി, ഡി കാറ്റഗറിയായിട്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തിരിച്ചിരുന്നത്. ഏറ്റവും കൂടുതൽ വരുമാനം കിട്ടുന്നത് എ, അതിന്

താഴെ ബി എന്നിങ്ങനെയായിരുന്നു. ഒരുകാരണവശാലും എ കാറ്റഗറിയിൽ വരുന്ന ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യാറുണ്ടായിരുന്നില്ല. ഇപ്പോൾ എം. എൽ.എ.–മാർ ആവശ്യപ്പെടുന്നതനുസരിച്ച് പുതിയ റൂട്ട് പെർമിറ്റ് കൊടുത്ത് ഏറ്റവും വരുമാനമുള്ള റൂട്ട് ഷെഡ്യൂൾ ക്യാൻസൽ ചെയ്ത്, രാഷ്ട്രീയ താൽപ്പര്യം വച്ച് ആ ബസ് ഡൈവെർട്ട് ചെയ്തുവിടുകയാണ്. അങ്ങനെപോയാൽ ഈ കോർപ്പറേഷൻ എങ്ങനെ നിലനിൽക്കും. ട്രാൻസ്പോർട്ട് കോർപ്പറേഷൻ തകർന്നാൽ കേരളത്തിലെ ജനങ്ങളുടെ യാത്രാപ്രശ്നം അങ്ങേയറ്റം ഗൗരവമായി വരും. തിരുവനന്തപുരം സിറ്റിയിൽപോലും ഇപ്പോൾ നിരവധി സ്വാകാര്യ ബസുകൾക്ക് പെർമിറ്റ് കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിനെ ശക്തമായി എതിർത്തുനിന്ന് നമ്മുടെ സർവ്വീസിനെ സംരക്ഷിക്കാനുള്ള നടപടികൾ ഉണ്ടാകണം. യു.ഡി. എഫ്. ഗവൺമെന്റ് ആയിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ആ പാക്കേജൊന്നും പ്രാവർത്തികമായിട്ടില്ല. ഇത്രയും ഗൗരവതരമായ സാഹചര്യത്തിൽ അടിയന്തരമായ സാമ്പത്തിക സഹായം നൽകി കെ.എസ്. ആർ.ടി.സി–യുടെ ഓപ്പറേഷൻ മുടങ്ങാതിരിക്കാനുള്ള നടപടി ഉടനെ സ്വീകരിക്കുകയും തുടർന്ന് കെ.എസ്.ആർ.ടി.സി.–യെ പുന:സംഘടിപ്പിച്ചു കൊണ്ട് ഏറ്റവും കാര്യക്ഷമമായ നിലയിൽ നടത്തികൊണ്ടുപോകുവാൻ ആവശ്യമായ, ശാസ്ത്രീയമായ തീരുമാനം ഉണ്ടാകണം. അങ്ങ് ട്രേഡ് യൂണിയൻ നേതാവ് കൂടിയാണ്. ഏതെങ്കിലും തരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലിന്റെ കുഴപ്പമായി ഞാൻ ഇതിനെ കാണുന്നില്ല. അങ്ങ് ചാർജ്ജ് എടുത്തിട്ട് രണ്ടു മാസമല്ലേ ആയിട്ടുള്ളൂ. വളരെ ഗൗവരമായി താങ്കൾ ഒരു ഇടപെടൽ നടത്തിയാൽ, ധീരമായ നിലപാടുണ്ടായാൽ നമുക്ക്

ഈ പ്രധാനപ്പെട്ട കോർപ്പറേഷനെ സംരക്ഷിക്കാൻ കഴിയുമെന്നുള്ളതാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും ശരിയാണ്. വാസ്തവത്തിൽ എഴുന്നൂറ്റിപ്പതിനാലോളം ബസുകൾ കട്ടപ്പുറത്താണ്. ചില ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്. അത് എല്ലാക്കാലത്തും ഉണ്ടാകാറുണ്ട്. പക്ഷേ അതിന് രണ്ടുമൂന്നു വശങ്ങളാണ്. ഒന്ന്, വേണ്ടത്ര സ്റ്റാഫില്ല. സ്റ്റാഫില്ലാത്തതുകൊണ്ട് ഇപ്പോൾ പി.എസ്.സി. മുഖേന ഡ്രൈവർമാരെ എടുക്കാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. ഡ്രൈവർമാരുടെ ടെസ്റ്റും മറ്റുകാര്യങ്ങളും കഴിഞ്ഞു. അത് ഏതാനും ദിവസങ്ങൾക്കകം ലഭ്യമാകും. കണ്ടക്ടർമാരില്ലാത്തതുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് വിളിച്ച് അതിന്റെ ഇന്റർവ്യൂ നടത്തിക്കഴിഞ്ഞു. അതും അടുത്ത ദിവസത്തിനുള്ളിൽ പരിഹരിക്കപ്പെടും. ജീവനക്കാരുടെ ഇല്ലായ്മമൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സാധിക്കും. ശ്രീ. എളമരം കരീം പറഞ്ഞതുപോലെ പഴയ ബസുകൾ ധാരാളമുണ്ട്. ആ ബസുകൾ മാറ്റേണ്ടതായിട്ടുണ്ട്. ഇതിനു പുറമെ അദ്ദേഹം പറഞ്ഞു ഡീസൽ ഇല്ലാത്തതുകൊണ്ട് സർവ്വീസുകൾ നിറുത്തുന്നുയെന്ന്. അങ്ങനെ പതിവായി നിറുത്താറില്ല. ഡീസലിന്റെ കാര്യത്തെ സംബന്ധിച്ചിടത്തോളം, ഒരു കോടി എഴുപത്തിയാറു ലക്ഷം രൂപയാണ് ഇപ്പോൾ ഡീസലിന് കൊടുത്തുകൊണ്ടിരുന്നത്. അങ്ങനെ വരുമ്പോൾ അവിടെ ചെയ്യുന്നത് ചെക്കുകൊടുക്കുകയും അവർ അത് കമ്പ്യൂട്ടറിൽ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. അത് അതാത് ദിവസം ചെയ്യുകയായിരുന്നു. അതിപ്പോൾ ഒമ്പത് ലക്ഷത്തിൽപ്പരം, ഏകദേശം പത്തുലക്ഷത്തോളം കുറവുണ്ടെന്നു കണ്ട് ഒരു കോടി എഴുപത്തിയാറു ലക്ഷം രൂപ എന്നത് ഒരു കോടി എൺപത്തേഴു

ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു നൽകുന്നുണ്ട്. ഇരുപതുകോടിയോളം രൂപ ഫ്യുവലിന് കൊടുക്കാനുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അതുശരിയല്ല. പത്തു കോടി രൂപയേ കൊടുക്കാനുള്ളു. ഇവിടെപ്പറഞ്ഞ ഒരു കാര്യം ശരിയാണ്. ഞാനിവിടെ എം.എൽ.എ.-മാരെ കുറ്റപ്പെടുത്തുകയല്ല, ബഹുമാന്യനായ മെമ്പർ ചൂണ്ടിക്കാണിച്ചതിൽ ഞാനങ്ങേയറ്റം സംതൃപ്തനാണ്. എം.എൽ.എ. -മാർ ആവശ്യപ്പെടുമ്പോൾ ബസ് കൊടുക്കുക, രാഷ്ട്രീയപാർട്ടികൾ പറയുമ്പോൾ ബസ് കൊടുക്കുക എന്നതിനേക്കാളൊക്കെ ഉപരിയായി അതിന്റെ ആവശ്യകത മനസ്സിലാക്കിക്കൊണ്ട് കൊടുക്കുന്നതായിരിക്കും ഉത്തമം, അതിനെല്ലാവരും സഹകരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. രാജു എബ്രഹാം</u>: ഏതൊക്കെ എം.എൽ.എ.-മാർക്കാണ് ബസ് കൊടുത്തത്?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഞാൻ ബസ് കൊടുത്ത എം.എൽ.എ. ഒന്ന്, ശ്രീ. ഇ.പി. ജയരാജൻ, രണ്ട്, ഒറ്റപ്പാലം മെമ്പർ, മൂന്ന്, ശ്രീ. രാജേഷ്, താങ്കൾക്കും ഒന്ന് തന്നു എന്നാണെന്റെ ഓർമ്മ. .......(ബഹളം)........ ഇതാണ് ഇതിന്റെയൊരു പ്രശ്നം. അദ്ദേഹം പറഞ്ഞ ഒരു കാര്യം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആയിരം ബസ് വാങ്ങി. ശരിയാണ്. അറുന്നൂറോളം ബസുകൾ ഇക്കൊല്ലവും വാങ്ങി. അതിൽ മുന്നൂറോളം ബസുകളുടെ ബോഡി ബിൽഡിംഗ് നടക്കുകയാണ്. അതിനും ഇപ്പോൾ ആളുകൾ കുറവാണ്. എന്നിട്ടതിനുവേണ്ടി 400 ആളുകളെ എംപ്ലോയ്മെന്റിൽ നിന്ന് റിക്രൂട്ട്മെന്റ് നടത്തി, ബോഡി ബിൽഡിംഗിന് കൂടുതൽ ആളുകളെ വച്ച് അത് വേഗതയിൽ ആക്കാൻ ശ്രമിക്കുകയാണ്. അതിനുവേണ്ടത്ര ആളുകളെ കിട്ടാത്ത പ്രയാസവും നിലവിലുണ്ട്. സ്പെയർ പാർട്സ് ഇല്ലാത്തതുകൊണ്ട് ഒരിടത്തും സർവ്വീസ് നിർത്തിയിട്ടില്ല. ഫ്യുവലിന്റെ കാര്യത്തിൽ ഞാൻ ഇവിടെ പറഞ്ഞ

തുപോലെ ഒരു കോടി എൺപത്തിയേഴു ലക്ഷം രൂപ ദിവസേന അടച്ചുകൊണ്ടിരിക്കുകയാണ്. ചിലപ്പോൾ രണ്ടുദിവസമൊക്കെ ലീവ് വന്നാൽ – അങ്ങനെ വരുന്നത് വളരെ ചുരുക്കമായിരിക്കും, അപ്പോൾ ചെറിയൊരു പ്രയാസമുണ്ടാകും. അങ്ങനെ ഒന്നു രണ്ടുതവണ ഉണ്ടായിട്ടുണ്ട്. അതല്ലാതെ ഫ്യൂവൽ ഇല്ലാത്തതുകൊണ്ട് ബസ് സർവ്വീസ് നിറുത്തേണ്ടതായി വന്നിട്ടില്ല. അതുപോലെ ടയർ ഇല്ലാത്തതുകൊണ്ടും ബസ് സർവ്വീസ് നിർത്തേണ്ടി വന്നിട്ടില്ല. ടയറിന്റെ കമ്മി ഉണ്ട്. അത് നികത്താൻ വേണ്ടി ശ്രമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പലകാര്യങ്ങളും ശരിയാണ് എന്നുതന്നെ ഞാൻ പറയുന്നു. ഇനി ബാക്കിയുള്ള ബസുകൾ സെപ്റ്റംബർ മാസത്തോടുകൂടി ബോഡി ബിൽഡിംഗ് കഴിഞ്ഞ് പുറത്തിറക്കാൻ സാധിക്കും. 2012–2013 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ കഴിഞ്ഞ കൊല്ലത്തേക്കാൾ കൂടുതൽ സംഖ്യ ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്. 100 കോടി രൂപ മാത്രമാണ് ബാക്കി ലോണാക്കി മാറ്റി വച്ചു എന്ന് അങ്ങ് പറഞ്ഞത് ശരിയല്ല. ലോൺ മാത്രമാണ് 100 കോടി രൂപ. 100 കോടിരൂപ ലോൺ വച്ച സന്ദർഭത്തിൽ തന്നെ ഇവിടെ ഏകദേശം 1,25,00,000 രൂപ ഒരു സ്പെഷ്യൽ പാക്കേജായി വച്ചിട്ടുണ്ട്. അതിനു പുറമേ 57.07 കോടിരൂപ പ്ലാനിലും വച്ചിട്ടുണ്ട്. കഴിഞ്ഞ കൊല്ലം പ്ലാനിൽ വച്ചത് 32 കോടിരൂപയും ലോണിൽ വച്ച് 140 കോടിരൂപയും. അതിനേക്കാൾ കൂടുതൽ തുകയാണ് ഇത്തവണത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. അങ്ങ് പറഞ്ഞതുപോലെ കുറേക്കൂടി പണം കിട്ടിയാൽ അല്ലാതെ ഇത് നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയില്ല. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്, 55 കോടി രൂപ ക്യാഷ് ലോസ് ആണ്. അതിപ്പോൾ ഓഡിറ്റ് ചെയ്തുവരുമ്പോൾ അതിന്റെ സംഖ്യ കൂടും. അങ്ങ് പറഞ്ഞ ചില നിർദ്ദേശ

ങ്ങൾ വളരെ ശരിയാണ്. ഇതിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ സ്ഥാന ത്തേയ്ക്കൊക്കെ ക്വാളിഫൈഡ് ആയ ആളുകൾ വേണം എന്നുള്ള അങ്ങ യുടെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അത് ഡയറക്ട് റിക്രൂട്ട്മെന്റ് നടത്തിയിട്ടായാലും വിരോധമില്ല, ക്വാളിഫൈഡ് ആയ ആളുകൾ വേണം. ക്വാളിഫൈഡ് ആയ ആളില്ലാതെ ആറായിരത്തോളം ബസുകളുള്ള ഒരു കമ്പനി നടത്തിക്കൊണ്ടുപോകാൻ പ്രയാസമാണ്. താങ്ക ളുടെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഒരുകാര്യം കൂടി ഞാൻ ഈ സന്ദർഭത്തിൽ പറയട്ടെ, കൺസഷൻസെല്ലാം വരുമ്പോൾ തന്നെ ഏകദേശം 300 കോടി രൂപയോളം കെ.എസ്.ആർ.ടി.സി.–ക്ക് നഷ്ടം വരുന്നുണ്ട്. അതിനുപുറമേ 40 കോടിരൂപ ശമ്പളത്തിനും അതേയവസര ത്തിൽ 30 കോടിരൂപ പെൻഷനുംവേണ്ടി വരുന്നുണ്ട്. ബാക്കിയുള്ള മോട്ടോർ കമ്പനികളിൽ ഇല്ലാത്തതാണ് പെൻഷൻ. കുറച്ചു ചെലവ് വർദ്ധിച്ചു. ഇതൊ ക്കെയാണെങ്കിലും ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്താതിരിക്കു ന്നത് ശരിയല്ല. ജീവനക്കാരും അവരുടെ സംഘടനകളും വളരെ മാന്യമായി ട്ടാണ് എഗ്രിമെന്റുംമറ്റും ഉണ്ടാക്കാൻ സഹകരിച്ചത്. അവരുടെ സഹകരണ ത്തോടുകൂടിയും അതുപോലെ സഭയിലെ എല്ലാ അംഗങ്ങളുടെ സഹായ ത്തോടുകൂടിയും ഇത് ശരിപ്പെടുത്താൻ കഴിയുമോയെന്നുകൂടി പരീക്ഷിക്ക ണം. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രദ്ധിക്കുന്നുണ്ട്. അദ്ദേഹം ചെയ്യാവുന്ന പോലെയൊക്കെ ചെയ്യുന്നുണ്ട്. പക്ഷേ നമ്മുടെ സാമ്പത്തിക സ്ഥിതി വളരെ അപകടത്തിലാണ്. സ്റ്റേറ്റിന്റെ സാമ്പത്തിക സ്ഥിതിയും അപകടത്തിലാണ് അതിനേക്കാൾ അപകടത്തിലാണ് കെ.എസ്.ആർ.ടി.സി.–യുടെ സ്ഥിതി. ഗവൺമെന്റ് തരുന്നതിന് പരിമിതികളുണ്ട്. എന്നാലും പരമാവധി ചെയ്യാൻ

ശ്രമിക്കാം. ഒരുകാര്യം ഞാൻ പറയുന്നു.. ചില എം.എൽ.എ.-മാരൊക്കെ ചോദിച്ചു, ചില ബസുകളൊക്കെ കൊടുക്കുന്നുണ്ട്. എം.എൽ.എ.-മാരുടെ പ്രയാസം എനിക്ക് നല്ലപോലെ അറിയാം. ഇതിൽ ഫസ്റ്റ് പ്രിഫറൻസ് നാഷണലൈസ് ചെയ്ത റൂട്ടുകൾക്ക് കൊടുക്കണം. അതു കഴിഞ്ഞതിനുശേഷമേ ബാക്കിയുള്ള റൂട്ടിലെ കാര്യമുള്ളു. അതേയവസരത്തിൽ ഭീമമായ നഷ്ടം വരുന്നതാണെങ്കിൽ അത് നിർത്തുകയല്ലാതെ മറ്റുമാർഗ്ഗമില്ല. മലബാറിൽ ഇഷ്ടംപോലെ സ്വകാര്യ ബസുകളുണ്ട്. ഞാനും മലബാറുകാരനല്ലേ? വയനാട്ടിൽ പ്രോബ്ലം ഉണ്ട്. ശ്രീ. കെ.സി. ജോസഫ് അവിടെ എം.എൽ.എ. ആയതുകൊണ്ട് അവിടെ കൊടുക്കാൻ പറ്റുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): മലബാറിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് ഇല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: വേണ്ട. അവിടെ സ്വകാര്യ ബസുകൾ ഉണ്ട്.

മി. സ്പീക്കർ: യെസ്..........യെസ്.........

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ പറഞ്ഞോട്ടെ. പക്ഷേ പരമാവധി നാഷണലൈസ് ചെയ്ത റൂട്ടിൽ കൊടുത്തതിനുശേഷം ബാക്കിയുള്ള റൂട്ടിൽ പോകുന്നതാണ് ശരി. എന്നാലും മലബാറിനെ അവഗണിച്ചുപോകാൻ പറ്റില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്.

ശ്രീ. എളമരം കരീം: സർ, ഇത്രയും വിശദമാക്കിയതിൽ വളരെ സന്തോഷമുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ഓപ്പറേഷൻ കോസ്റ്റ് മാത്രം എടുത്താൽ കെ.എസ്.ആർ.ടി.സി. നടത്തിക്കൊണ്ടുപോകാവുന്നതാണ്. നോൺ ഓപ്പറേ

ഷൻ കോസ്റ്റാണ് ഇതിന്റെ ബാധ്യത. പലിശ ഉൾപ്പെടെ 20 കോടി രൂപ, 30 കോടി രൂപ പെൻഷൻ, പിന്നെ വരുന്നത് നമ്മൾ നൽകുന്ന ആനുകൂല്യങ്ങൾ. ആ ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കുക എന്നൊരു നയമില്ലാതെ കെ.എസ്.ആർ.ടി.സി. രക്ഷപ്പെടുകയില്ല. അങ്ങേയ്ക്കുവേണ്ടിയാണ് ഞാൻ മാണി സാറിനോട് വാദിക്കുന്നത്. ആ നിലയിൽ ഒരു റീസ്ട്രക്ചറിംഗ് കെ.എസ്.ആർ.ടി.സി.–യിൽ കൊണ്ടുവരാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതൊക്കെ ശരിയാണ്. ഇതൊക്കെ അവിടെ ഇരിക്കുന്ന മുൻമന്ത്രിക്കും സഭയിൽ ഇരിക്കുന്ന എല്ലാ ആളുകൾക്കും അറിയാം. ബഹുമാനപ്പെട്ട മെമ്പറുടെ റെക്കമെന്റേഷനുംകൂടി പരിഗണിച്ച് ബഹുമാനപ്പെട്ട മാണി സാർ വല്ലതും ചെയ്യും എന്നുതന്നെയാണ് എന്റെ പ്രതീക്ഷ.